**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5286** **02-11-2021 - ൽ മറുപടിയ്ക്ക്**

**സ്പോർട്സ് എക്സലൻസ് ത്രൂ ഇന്റർനാഷണൽ പാർട്ണർഷിപ്പ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം വിൻസെൻറ് | | **Shri.V. Abdurahiman**<br>(കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | കായിക വകുപ്പും ഓസ്ട്രേലിയയിലെ വിക്ടോറിയ യൂണിവേഴ്സിറ്റിയുമായി സഹകരിച്ച് നടപ്പാക്കുന്ന സ്പോർട്സ് എക്സലൻസ് ത്രൂ ഇന്റർനാഷണൽ പാർട്ണർഷിപ്പ് പദ്ധതിയിലൂടെ ഏതൊക്കെ കായികയിനങ്ങൾക്കാണ് പ്രോത്സാഹനം നൽകുന്നത്; ഈ പദ്ധതിയിലേക്ക് കായികതാരങ്ങളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; | (എ) | കായികയുവജനകാര്യാലയവും ഓസ്ട്രേലിയയിലെ വിക്ടോറിയ യൂണിവേഴ്സിറ്റിയുമായി സഹകരിച്ചുള്ള പദ്ധതിയായ സ്പോർട്സ് എക്സലൻസ് ത്രൂ ഇന്റർനാഷണൽ പാർട്ട്ണർഷിപ്പ് നടപ്പിലാക്കി വരുന്നു. പദ്ധതിയുടെ ഭാഗമായി 2020-21ൽ മാസ്റ്റർ ട്രെയിനേഴ്സ് ട്രെയിനിംഗ് പ്രോഗ്രാമിൽ കായിക പരിശീലകർ/ അദ്ധ്യാപകർ, കായികമേഖലയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥർ എന്നിവർക്കാണ് പരിശീലനം നടത്തിയത്. പ്രസ്തുത ട്രെയിനിംഗ് പ്രോഗ്രാമിൽ പരിശീലനം ലഭിച്ച കായിക പരിശീലകർ/അദ്ധ്യാപകർ വഴി മറ്റ് പരിശീലകരിലേക്കും കായിക താരങ്ങളിലേക്കും പരിശീലനം നൽകാനാണ് ഉദ്ദേശിക്കുന്നത്. സ്പോർട്സ് മാനേജ്മെന്റ്, സ്പോർട്സ് കോച്ചിംഗ്, ഇവന്റ് ഓർഗനൈസേഷൻ, കായിക സൗകര്യങ്ങളുടെ പ്രവർത്തനം, സ്പോർട്സ് മാർക്കറ്റിംഗ്, കായിക ഇടപെടൽ എന്നീ വിഷയങ്ങളിലാണ് ട്രെയിനിംഗ് നടത്തിയത്. പ്രസ്തുത പദ്ധതിയുടെ ഭാഗമായുള്ള മാസ്റ്റർ ട്രെയിനേഴ്സ് ട്രെയിനിംഗ് പ്രോഗ്രാം വഴി കായികപരിശീലകർ ഉൾപ്പെടെ 20 പേർക്ക് പരിശീലനം നൽകിയിട്ടുണ്ട്. |
| (ബി) | ഈ പദ്ധതി പ്രകാരം നാളിതുവരെ എത്ര കായികതാരങ്ങൾക്ക് പരിശീലനം നൽകിയിട്ടുണ്ട്; വിശദാംശങ്ങൾ നൽകുമോ? | (ബി) | കായികയുവജനകാര്യാലയവും ഓസ്ട്രേലിയയിലെ വിക്ടോറിയ യൂണിവേഴ്സിറ്റിയുമായി സഹകരിച്ചുള്ള പദ്ധതിയായ സ്പോർട്സ് എക്സലൻസ് ത്രൂ ഇന്റർനാഷണൽ പാർട്ട്ണർഷിപ്പ് നടപ്പിലാക്കി വരുന്നു. പദ്ധതിയുടെ ഭാഗമായി 2020-21ൽ മാസ്റ്റർ ട്രെയിനേഴ്സ് ട്രെയിനിംഗ് പ്രോഗ്രാമിൽ കായിക പരിശീലകർ/ അദ്ധ്യാപകർ, കായികമേഖലയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥർ എന്നിവർക്കാണ് പരിശീലനം നടത്തിയത്. പ്രസ്തുത ട്രെയിനിംഗ് പ്രോഗ്രാമിൽ പരിശീലനം ലഭിച്ച കായിക പരിശീലകർ/അദ്ധ്യാപകർ വഴി മറ്റ് പരിശീലകരിലേക്കും കായിക താരങ്ങളിലേക്കും |

| | | | |
|---|---|---|---|
| | | | പരിശീലനം നൽകാനാണ് ഉദ്ദേശിക്കുന്നത്. സ്പോർട്സ് മാനേജ്മെന്റ്, സ്പോർട്സ് കോച്ചിംഗ്, ഇവന്റ് ഓർഗനൈസേഷൻ, കായിക സൗകര്യങ്ങളുടെ പ്രവർത്തനം, സ്പോർട്സ് മാർക്കറ്റിംഗ്, കായിക ഇടപെടൽ എന്നീ വിഷയങ്ങളിലാണ് ട്രെയിനിംഗ് നടത്തിയത്. പ്രസ്തുത പദ്ധതിയുടെ ഭാഗമായുള്ള മാസ്റ്റർ ട്രെയിനേഴ്സ് ട്രെയിനിംഗ് പ്രോഗ്രാം വഴി കായികപരിശീലകർ ഉൾപ്പെടെ 20 പേർക്ക് പരിശീലനം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ